(ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിനു ലഭിക്കുന്ന ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്തുവരുന്നു.

(സി) കുടിശ്ശിക സംബന്ധിച്ച വിവരം അനുബന്ധം 10(A)-ൽ ചേർത്തിരിക്കുന്നു.†

(ഡി) സുപ്രീം കോടതിയുടെ ഭരണഘടനാബഞ്ചിന്റെ വിധിയെത്തുടർന്നാണ് മത്സ്യക്കയറ്റുമതിക്കാർ ക്ഷേമനിധി വിഹിതം അടയ്ക്കാതായതും ക്ഷേമനിധി ബോർഡിന്റെ വരുമാനം ഗണ്യമായി കുറഞ്ഞതും. സുപ്രീം കോടതി വിധിക്കെതിരെ റിവ്യൂ പെറ്റീഷൻ നൽകിയെങ്കിലും കോടതി അത് അനുവദിച്ചില്ല. കയറ്റുമതിക്കാരിൽ നിന്നുകൂടി മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് ധനം സമാഹരിക്കുന്ന വിധത്തിൽ പുതിയ നിയമനിർമ്മാണം നടത്തിവരുന്നു. ക്ഷേമനിധി വിഹിതം പൂർണ്ണമായി പിരിഞ്ഞു കിട്ടിയാലേ കുടിശ്ശിക തുക പൂർണ്ണമായും കൊടുത്തു തീർക്കാൻ കഴിയുകയുള്ളൂ.

മത്സ്യത്തൊഴിലാളികളുടെ കടബാദ്ധ്യതയെക്കുറിച്ച് പഠനം

87 [1066] ശ്രീ. എ. കെ. മണി:
" എൻ. ഡി. അപ്പച്ചൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
" എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ കടബാദ്ധ്യതയെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം നൽകുമോ;

(സി) ഇല്ലെങ്കിൽ അതേപ്പറ്റി പഠനം നടത്തുമോ;

(ഡി) മത്സ്യത്തൊഴിലാളികളെ കടബാദ്ധ്യതയിൽ നിന്നും രക്ഷിക്കാൻ എന്തെല്ലാം പരിപാടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) മത്സ്യത്തൊഴിലാളികളെ കടബാദ്ധ്യതയിൽ നിന്നും രക്ഷിക്കാൻ പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങളെ ശക്തിപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ തൊഴിലുപകരണങ്ങൾ, പ്രവർത്തന മൂലധന വായ്പ, മത്സ്യബന്ധനത്തിനാവശ്യമായ ഇന്ധനം മുതലായവയുടെ വിതരണം, കടലോര മത്സ്യലേലം, മത്സ്യ വിപണനം എന്നിവ ഏറ്റെടുത്ത് നടത്തുന്നതിന് സജ്ജമാക്കുന്നതുവഴി തൊഴിലാളികളുടെ പുറമെ നിന്നുള്ള കടബാദ്ധ്യതകൾ ലഘൂകരിക്കാം എന്ന് ലക്ഷ്യമിടുന്നു. പ്രാഥമിക സംഘങ്ങൾക്ക് സർക്കാർ ഓഹരി മൂലധനം, കുറഞ്ഞ പലിശനിരക്കിൽ പ്രവർത്തന മൂലധന വായ്പ എന്നിവ ലഭ്യമാക്കിവരുന്നു.

† അനുബന്ധം 10(A)

LIBRARY ARCHIVES Kerala Legislative Assembly